"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റിയ്ക്ക് കീഴിലുള്ള മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളിലേയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യകുടുംബക്ഷേമ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.15/2024/H&FWD തീയതി,തിരുവനന്തപുരം, 20-01-2024

---

പരാമർശം:-
1. സ.ഉ(സാധാ)115/2021/ആ.കു.വ, തീയതി 12.01.2021.
2. സ.ഉ(കൈ)115/2022/ആ.കു.വ, തീയതി 14.06.2022.
3. കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10/02/2023, 15/05/2023 എന്നീ തീയതികളിലെ A/217/2018/SMHA, 25/08/2023 തീയതിയിലെ A/438/2017/SMHA നമ്പർ കത്തുകൾ.

**ഉത്തരവ്**

2017 ലെ മെന്റൽ ഹെൽത്ത് കെയർ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ച മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകൾ, മാനസികാരോഗ്യമുള്ള വ്യക്തികളുടെ ചികിത്സ, പരിചരണ തീരുമാനങ്ങൾ സംബന്ധിച്ച അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും മാനസികാരോഗ്യ പരിചരണ സേവനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായിട്ടാണ് രൂപീകരിച്ചിരിക്കുന്നത്. പരാമർശം (1) ഉത്തരവ് പ്രകാരം തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ 5 (അഞ്ച്) മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകൾ രൂപീകരിച്ചു. പരാമർശം (2) ഉത്തരവ് പ്രകാരം, നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് ഓരോ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളുടെയും ചെയർപേഴ്സണെയും അംഗങ്ങളെയും നിയമിച്ചിട്ടുണ്ട്. മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി, ഓരോ ബോർഡിനും ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) കത്തുകൾ പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ 4 മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡകളിലേയ്ക്ക് താഴെപ്പറയും പ്രകാരം തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

| Sl. No. | Designation | Number of post | Qualification | Mode of appointment | Scale of Pay |
|---|---|---|---|---|---|
| | | | Any Degree with | | Rs.30,995/- per month (As per GO |

| | | | | | |
|---|---|---|---|---|---|
| 1 | Assistant | 4 | computer Knowledge | contract | (P)No.29/2021/ Fin dated 11/02/2021 |
| 2 | Steno Typist | 4 | SSLC Pass,Type writing English & Malayalam Lower, Short hand English & Malayalam Lower | contract | Rs.22,290/- (As per GO(P)No.29/ 2021/Fin dated 11/02/2021) |
| 3 | Office Attendant | 4 | 7th Std passed | contract | Rs.18,390/- per month (As per GO (P)No.29/2021/ Fin dated 11/02/2021 |
| 4 | Security Personnel | 3 (Thiruvananthapuram, Kottayam, Thrissur) | | daily wage (from KEXCON) | |
| 5 | Casual Sweeper | 4 | | through Employment Exchange | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി, തിരുവനന്തപുരം

പ്രിൻസിപ്പൽഅക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ & ഇ), തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പിന് [ഇനം നം. 2004 തീയതി 18-01-2024]

ധനകാര്യ വകുപ്പിന് (02/11/2023 തീയതിയിലെ 2367307/HLT-B1/30/2023-FIN നം. കുറിപ്പ് പ്രകാരം)

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ് (ആവശ്യമായ പ്രചരണത്തിന്)

കരുതൽ ഫയൽ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.ആരോഗ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ ക്ക്

ഉത്തരവിൻ പ്രകാരം

Signed by
Justin Joy J
Date: 22-01-2024 11:24:09
സെക്ഷൻ ഓഫീസർ

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റിയ്ക്ക് കീഴിലുള്ള തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളിലേയ്ക്ക് സൂപ്രണ്ടിന്റെ (ഗസറ്റഡ്) ഓരോ തസ്തികകൾ വീതം സൃഷ്ടിച്ചു കൊണ്ടും, ടി തസ്തികകളിലേക്ക് പൊതുഭരണ സെക്രട്ടറിയേറ്റിലെ സെക്ഷൻ ഓഫീസർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യകുടുംബക്ഷേമ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.215/2024/H&FWD തീയതി,തിരുവനന്തപുരം, 31-08-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.115/2021/ആ.കു.വ., തീയതി 12/01/2021.
2. സ.ഉ.(കൈ) നം. 115/2022/ആ.കു.വ., തീയതി 14/06/2022.
3. കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 24/11/2023 തീയതിയിലെ A/438/2017/SMHA, 06/01/2024 തീയതിയിലെ A/08/2024/SMHA, 07/05/2024 തീയതിയിലെ A/217/2018/SMHA നമ്പർ കത്തുകൾ.
4. സ.ഉ.(കൈ) നം.15/2024/ആ.കു.വ, തീയതി 20/01/2024.
5. സ.ഉ.(സാധാ)നം.786/2024/ആ.കു.വ., തീയതി 14/03/2024.

**ഉത്തരവ്**

2017 ലെ മെന്റൽ ഹെൽത്ത് കെയർ ആക്ടിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാനസിക രോഗമുള്ള വ്യക്തികളുടെ ചികിത്സ, പരിചരണ തീരുമാനങ്ങൾ സംബന്ധിച്ച അവരുടെ അവകാശങ്ങൾ, പരിചരണ സേവനങ്ങളുടെ ലഭ്യത എന്നിവ സംരക്ഷിക്കുന്നതിനും ഉറപ്പാക്കുന്നതിനുമായി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ 5

(അഞ്ച്) മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകൾ രൂപീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. പരാമർശം (2) പ്രകാരം, മേൽ ആക്ടിലെ വ്യവസ്ഥകൾ പാലിച്ച് ഓരോ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളുടെയും ചെയർപേഴ്സണെയും അംഗങ്ങളെയും നിയമിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

3. പരാമർശം (4) ഉത്തരവ് പ്രകാരം തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ 4 മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളുടെ സുഗമമായ പ്രവർത്തനത്തിനായി അസിസ്റ്റന്റ്, സ്റ്റെനോ ടൈപ്പിസ്റ്റ്, ഓഫീസ് അറ്റന്റന്റ് എന്നിവരെ കരാർ അടിസ്ഥാനത്തിലും, സുരക്ഷാ ജീവനക്കാരെ ദിവസവേതന അടിസ്ഥാനത്തിലും, കാഷ്വൽ സ്വീപ്പറെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമിക്കുന്നതിന് തസ്തികകൾ സൃഷ്ടിച്ചിരുന്നു. തുടർന്ന് പരാമർശം (5) ലെ വ്യവസ്ഥകൾ പ്രകാരം തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകൾ 01/04/2024 മുതൽ പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി.

4. ഇപ്രകാരം രൂപീകരിച്ച അഞ്ച് മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളുടെ പ്രവർത്തനത്തിനായി ഓരോ വർഷവും ഏകദേശം രണ്ട് കോടി അൻപത് ലക്ഷം രൂപ ചെലവഴിക്കേണ്ടി വരുമെന്നും, 2017 ലെ മെന്റൽ ഹെൽത്ത് കെയർ ആക്ടിലെ 78-ാം വകുപ്പ് പ്രകാരം ബോർഡിന്റെ എല്ലാ നടപടിക്രമങ്ങളും ജുഡീഷ്യൽ നടപടികളായാണ് കണക്കാക്കുന്നതെന്നും, ബോർഡിന്റെ എല്ലാ നടപടിക്രമങ്ങളും ആശയവിനിമയങ്ങളും വിവിധ കോടതികളിലെയും സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിലെയും രജിസ്ട്രാർ ചെയ്യുന്നതുപോലെ ഒരു ഗസറ്റഡ് ഓഫീസർ മുഖേന ബന്ധപ്പെട്ടവർക്ക് കൈമാറേണ്ടതാണെന്നും, ആയതിനാൽ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളുടെ സാമ്പത്തികവും ഭരണപരവുമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും, ഡി.ഡി.ഒ. ആയി പ്രവർത്തിക്കുന്നതിനും സൂപ്രണ്ട് പദവിയിലുള്ള (ഗസറ്റഡ് റാങ്ക്) സ്ഥിരം തസ്തിക അനിവാര്യമാണെന്നും, കൂടാതെ ഇപ്രകാരം സംസ്ഥാനത്തെ അഞ്ച് മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളിലും ഓരോ സൂപ്രണ്ട് തസ്തികകൾ വീതം സൃഷ്ടിച്ച്, ടി തസ്തികയിലേക്ക് പൊതുഭരണ സെക്രട്ടറിയേറ്റിലെ സെക്ഷൻ ഓഫീസർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ 20/09/2023 ന് ചേർന്ന മെന്റൽ ഹെൽത്ത് അതോറിറ്റി യോഗത്തിൽ തീരുമാനിച്ചിരുന്നതായും, മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡിന്റെ 2210-01-110-82 എന്ന അക്കൗണ്ട് ഹെഡിൽ നിന്നും ഇതിന്റെ ചെലവ് വഹിക്കാവുന്നതാണെന്നും ആയതിനാൽ സംസ്ഥാനത്തെ അഞ്ച് മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളിലും ഓരോ സൂപ്രണ്ട് തസ്തികകൾ വീതം സൃഷ്ടിച്ച്, ടി തസ്തികയിലേക്ക് പൊതുഭരണ സെക്രട്ടറിയേറ്റിലെ സെക്ഷൻ ഓഫീസർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (3) ലെ കത്തുകൾ

പ്രകാരം കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റിയ്ക്ക് കീഴിലുള്ള തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളിലേയ്ക്ക് സൂപ്രണ്ടിന്റെ (ഗസറ്റഡ്) ഓരോ തസ്തികകൾ വീതം സൃഷ്ടിച്ചു കൊണ്ടും, ടി തസ്തികകളിലേക്ക് പൊതുഭരണ സെക്രട്ടറിയേറ്റിലെ സെക്ഷൻ ഓഫീസർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുമുള്ള അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായി വരുന്ന ചെലവ് മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡിന്റെ 2210-01-110-82 എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് [ഇനം നം. 2363 തീയതി 29/08/2024]

പൊതുഭരണ (സർവ്വീസസ് - ഇ) വകുപ്പ്

ധനകാര്യ വകുപ്പ് (25/07/2024 തീയതിയിലെ 2367307/HLT-B1/30/2023-FIN നം. കുറിപ്പ് പ്രകാരം)

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
Date: 02-09-2024 14:24:41
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. ആരോഗ്യവും വനിതാ-ശിശുവികസനവും വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റിക്ക് കീഴിലുള്ള കണ്ണൂർ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡിൽ സൂപ്രണ്ടിന്റെ (ഗസറ്റഡ്) തസ്തിക സൃഷ്ടിച്ചും അസിസ്റ്റന്റ്, സ്റ്റെനോ-ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ്, കാഷ്വൽ സ്വീപ്പർ തസ്തികകളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്താൻ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.197/2025/H&FWD തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം. 215/2024/ആ.കു.വ. തിയതി 31.08.2024.
2. കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 09/09/2024 തീയതിയിലെ A/217/2017/SMHA നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റിക്ക് കീഴിലുള്ള തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളിലേയ്ക്ക് സൂപ്രണ്ടിന്റെ (ഗസറ്റഡ്) ഓരോ തസ്തികകൾ വീതം സൃഷ്ടിച്ച കൊണ്ടും, ടി തസ്തികകളിലേക്ക് പൊതുഭരണ സെക്രട്ടറിയേറ്റിലെ സെക്ഷൻ ഓഫിസർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുമുള്ള അനുമതി നൽകിക്കൊണ്ടും പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2. കണ്ണൂർ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡിന്റെ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് മട്ടന്നൂർ സിവിൽ സ്റ്റേഷനിൽ ജില്ലാ കളക്ടർ സ്ഥലം അനുവദിച്ചിട്ടുള്ളതിനാൽ ആവശ്യമായ തസ്തികകൾ അനുവദിക്കണമെന്ന് കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റിക്ക് കീഴിലുള്ള കണ്ണൂർ മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡിൽ സൂപ്രണ്ടിന്റെ (ഗസറ്റഡ്)

തസ്തിക സൃഷ്ടിച്ച് ടി തസ്തികയിലേയ്ക്ക് പൊതുഭരണ സെക്രട്ടറിയേറ്റിലെ സെക്ഷൻ ഓഫീസറെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും അസിസ്റ്റന്റ്, സ്റ്റെനോ-ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ്, കാഷ്വൽ സ്വീപ്പർ തസ്തികകളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നടത്താൻ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് [ഇനം നം. 3135 തീയതി 17.07.2025]
പൊതുഭരണ (സർവ്വീസസ് - ഇ) വകുപ്പ്
ധനകാര്യ വകുപ്പ് (19/03/2025 തീയതിയിലെ 3057666/HLT-B1/39/2025-FIN നം. കുറിപ്പ് പ്രകാരം)
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Swapna J
Date: 19-07-2025 21:31:29